ജൂലൈ 20–26

## പാഠം 4

# കരുണയും നീതിയും സങ്കീർത്തന ങ്ങളിലും സദൃശവാക്യങ്ങളിലും

**വായിക്കുക:** സങ്കീർത്തനം 9:7–9, 13–20; സങ്കീ. 82, 101, 146; സദൃശവാക്യങ്ങൾ 13:23,25; 30:7–9.

**മനഃപാഠവാക്യം:** "എളിയവനും അനാഥനും ന്യായം പാലിച്ചു കൊടുപ്പിൻ; പീഡിതനും അഗതിക്കും നീതി നടത്തി കൊടുപ്പിൻ. എളിയവനെയും ദരിദ്രനെയും രക്ഷിപ്പിൻ; ദുഷ്ടന്മാരുടെ കയ്യിൽനിന്നു അവരെ വിടുവിപ്പിൻ" (സങ്കീ. 82:3,4).

ജീവിതത്തിന്റെ സാമാന്യകാര്യങ്ങളിൽ, കേവലം ആരാധനസമയത്തോ മറ്റു മതനടപടികളിലോ മാത്രമല്ല, ദൈവത്തോടുകൂടെ ജീവിക്കുന്നതിന്റെ അനുഭവങ്ങളെ സങ്കീർത്തനങ്ങളും സദൃശവാക്യങ്ങളും ചിത്രീകരിക്കുന്നത്. സദൃശവാക്യപുസ്തകം ഒരു കൂട്ടം പ്രായോഗിക ജ്ഞാനം ബന്ധങ്ങളിൽനിന്നും, കുടുംബങ്ങളിൽനിന്നും തൊഴിലിലേക്കും ഭരണകാര്യങ്ങളിലേക്കും നൽകുമ്പോൾ, വിലാപങ്ങളിൽനിന്നു ഉന്നതമായ സ്തുതികളിലേക്കും അവയ്ക്കിടയിലും ഉള്ള പലവിധവികാരങ്ങളും ആത്മിക അനുഭവങ്ങളും അടങ്ങുന്ന സുന്ദരഗീതങ്ങളുടെ ഒരു സമാഹാരമാണു സങ്കീർത്തനങ്ങൾ. ദൈവം നമ്മുടെ ജീവിതങ്ങളുടെ ഓരോ വശങ്ങളെക്കുറിച്ചും കരുതുന്നതുകൊണ്ടു, നമ്മുടെ ജീവിതങ്ങളുടെ ഓരോ ഭാഗത്തിലും അനുഭവത്തിലും നമ്മുടെ വിശ്വാസം ഒരു വ്യത്യാസം ഉണ്ടാക്കേണ്ടതുണ്ട്.

അതേ സമയം, വീഴ്ച ഭവിച്ച ഈ ലോകത്തിലെ ജീവിതത്തിന്റെ ഏതു പ്രതിഫലനവും, മനുഷ്യാവസ്ഥയിൽ കലർന്നു വ്യാപിക്കുന്ന അനീതിയെ അവഗണിക്കുവാൻ സഹായകമല്ല. വാസ്തവത്തിൽ, നമ്മുടെ കർത്താവു പരിഗണിക്കുകയും ഒഴിവാക്കുവാൻ ശ്രദ്ധിക്കുകയും ചെയ്യുന്ന ഒന്നായി അനീതി ആവർത്തിച്ചു വിവരിക്കപ്പെട്ടിരിക്കുന്നു. ദൈവം തന്നെയാണു പ്രത്യാശ ഇല്ലാത്തവരുടെ പ്രത്യാശ.

ഈ വിഷയത്തെക്കുറിച്ചു ഈ പുസ്തകങ്ങൾ പറയുന്ന കാര്യങ്ങളെ ഒന്നു സ്പർശിക്കുവാനേ നമുക്കു ഇവിടെ കഴിയുകയുള്ളൂ. എന്നാലും ഒരുപക്ഷേ, ദരിദ്രർക്കും പീഡിതർക്കും മറക്കപ്പെട്ടവർക്കും അധികം സ്ഥിരോത്സാഹത്തോടെ സേവനം ചെയ്യുവാൻ ഈ പാഠം നിങ്ങൾക്കു പ്രേരണ

നൽകും. അതിന്റെ ആവശ്യം ഉള്ളവർ എപ്പോഴും നമ്മുടെ ചുറ്റിലുമുണ്ട്, അവരെ സഹായിക്കുവാൻ നമുക്കു കടപ്പാടുണ്ട്.

**ഞായർ** **ജൂലൈ 21**

## സങ്കീർത്തനങ്ങൾ: പീഡിതർക്കു പ്രത്യാശയുടെ ഗാനങ്ങൾ

ദൈവം, അസ്വസ്ഥതയിലും കുഴപ്പത്തിലും ആയവരെ കാണുകയും കേൾക്കുകയും ചെയ്യുന്നു. എന്നു നമ്മൾ നേരത്തേ കണ്ടുവല്ലോ. ദൈവത്തിൽ ആശ്രയിച്ചിട്ടും നീതി നടത്തി കാണാത്തവരുടെ നിലവിളി സങ്കീർത്തനങ്ങളിൽ മിക്കപ്പോഴും നമ്മൾ കേൾക്കുന്നു. ദൈവത്തിന്റെ നന്മയെയും, നീതിയെയും അധികാരത്തെയും ഉറപ്പായി കാണുമ്പോഴും, അനീതിയും പീഡനവും അതിനെയൊക്കെ കവിയുന്നതായി കാണുമ്പോഴുള്ള അനുഭവങ്ങളും നിരീക്ഷണങ്ങളും ഈ ഗാനങ്ങളുടെ ശബ്ദത്തിൽ അടങ്ങിയിരിക്കുന്നു.

എന്നാലും, ഇനിയും പാടുന്നവരുടെ ഗാനങ്ങളാണു ഇവ. അവരുടെ ജീവിതമോ വിശ്വാസമോ ഇനിയും കെട്ടുപോയിട്ടില്ല. ഇനിയും പ്രത്യാശയുണ്ട്. അധികം വൈകിപ്പോകും മുമ്പേ ദൈവം പ്രവർത്തിക്കണം എന്നതാണു അത്യന്താപേക്ഷിതം. തിന്മ വിജയിക്കും മുമ്പേ, തങ്ങൾക്കെതിരേ കൊണ്ടുവരപ്പെട്ട ദുഷ്ടതയുടെ ഭാരംകൊണ്ടു പീഡിതർ നശിപ്പിക്കപ്പെടും. ഈ വിധത്തിൽ, സങ്കീർത്തന എഴുത്തുകാർ, വിശ്വാസത്തിന്റെ ഉറപ്പുകൾക്കും, ജീവിതത്തിന്റെ പരിശോധനകൾക്കും ശോകാന്ത്യങ്ങൾക്കും ഇടയിൽ പാലം തീർക്കുവാൻ ശ്രമിക്കുന്നു.

**സങ്കീർത്തനം 9:7–9, 13–20 വായിക്കുക: ഈ സങ്കീർത്തനം എഴുതിയ ദാവീദ് ആയിരുന്ന സാഹചര്യങ്ങളെ നിങ്ങൾക്കു ഊഹിക്കാൻ കഴിയുന്നുണ്ടോ? ദൈവത്തിന്റെ നന്മയിലെ അവന്റെ വിശ്വാസത്തിനും ഇപ്പോഴത്തെ അനുഭവത്തിനും ഇടയിലെ ദാവീദിന്റെ പിരിമുറുക്കം നിങ്ങൾക്കു മനസ്സിലാകുന്നുവോ? കഠിനശോധനകളുടെ മദ്ധ്യേ ദൈവത്തിലുള്ള വിശ്വാസത്തിന്റെ കഠിനപ്രയത്നം നിങ്ങൾ എങ്ങനെ കൈകാര്യം ചെയ്തിട്ടുണ്ട്?**

ദൈവത്തിന്റെ ഉത്തമവും നീതിയായതുമായ വിധിയിലുള്ള പ്രത്യാശയും വാഗ്ദത്തവുമാണു സങ്കീർത്തനങ്ങളിൽ ഉടനീളം ആവർത്തിച്ചു നൽകപ്പെട്ടിരിക്കുന്ന, പിരിമുറുക്കത്തിന്റെ പരിഹാരം. ദുഷ്ടതയും അന്യായവും ഇപ്പോൾ വിജയിക്കുന്നതായി കാണപ്പെടാം, എന്നാൽ ദൈവം ദുഷ്പ്രവൃത്തിക്കാരെയും നീതികെട്ടവരെയും ന്യായം വിധിക്കുക തന്നെ ചെയ്യും. അവർ ശിക്ഷിക്ക

പ്പെടും. അതേ സമയം അവർ നിമിത്തം വേദനിച്ചവരും പീഡിപ്പിക്കപ്പെട്ടവരും യഥാസ്ഥാനത്താക്കപ്പെടുകയും പുതുക്കപ്പെടുകയും ചെയ്യും.

സങ്കീർത്തനങ്ങളിൽ ആവർത്തിച്ചു വെളിവാക്കപ്പെട്ടിരിക്കുന്ന ദൈവത്തിന്റെ ന്യായവിധിക്കു വേണ്ടിയുള്ള വിസ്മയത്തിലും ആകാംക്ഷയിലും സി.എസ്സ്. ലൂവീസ് തന്റെ അതിശയം വിവരിക്കുന്നു. ന്യായവിധിയെ പല ബൈബിൾ വായനക്കാരും ഭയപ്പടേണ്ടതായി കണക്കാക്കുന്നു. ലൂവിസ് ആകട്ടെ ആദിമ യെഹൂദ്യ കാഴ്ചപ്പാടു കണക്കാക്കി എഴുതുന്നു: "തങ്ങൾക്കു ഉണ്ടായിരുന്നതൊക്കെ നഷ്ടപ്പെട്ടിട്ടും, ശരി അവരുടെ ഭാഗത്തു തന്നെ ആയിരുന്നവർ അവസാനം കേൾക്കപ്പെടും. നിശ്ചയമായും അവർ ന്യായവിധിയെ ഭയപ്പെടുന്നില്ല. ഉത്തരം ഇല്ലാത്തതാണു അവരുടെ കേസ്സെന്നു അവർ അറിയുന്നു. അതു കേൾക്കപ്പെടുക മാത്രം ചെയ്യുന്നെങ്കിൽ! ന്യായവിധിക്കായി ദൈവം വരുമ്പോൾ അന്ത്യത്തിൽ അതുണ്ടാകും C.S Luwis, Reflections on the Psalms, P. 11.

സങ്കീർത്തനങ്ങളിൽ പീഡിതർക്കു പ്രത്യാശ നാം കാണുന്നു, ഇപ്പോഴും, അവരുടെ കഷ്ടങ്ങളുടെയും നിരാശകളുടെയും നടുവിൽ അതുണ്ട്.

**ഭയപ്പെടുവാനല്ല, ന്യായവിധിയുടെ ആശയത്തെ അനുകൂലമായി കാണുന്നതിനു എന്തു കാരണങ്ങൾ നമുക്കുണ്ട്?**

**തിങ്കൾ** **ജൂലൈ 22**

## "എന്തെങ്കിലും ചെയ്യേണമേ, ദൈവമേ!"

**സങ്കീർത്തനം 82 വായിക്കുക: ഇവിടെ നമുക്കുള്ള ദൂതു എന്താണ്?**

ദൈവം അവർക്കു സാമൂഹിക നിയമങ്ങളും ക്രമീകരണങ്ങളും നൽകിയിരുന്നെങ്കിലും യിസ്രായേൽരാജ്യം അവരുടെ ചരിത്രത്തിൽ പല കാലങ്ങളിലും ഈ പദ്ധതിക്കൊത്തു ജീവിക്കുവാൻ പരാജയപ്പെട്ടു. വളരെ നിഷ്പ്രയാസം അവർ അന്യദേശങ്ങളുടെ അനീതിയും പീഡനവും മാതൃകയാക്കി ജീവിച്ചുകൊണ്ടു അവരെപ്പോലെ ആയിത്തീർന്നു. ജനനേതാക്കളും ന്യായാധിപന്മാരും തങ്ങളെ മാത്രമേ നോക്കിയിരുന്നുള്ളൂ; കൈക്കൂലികൊണ്ടു അവരുടെ അനുഭാവം വാങ്ങുവാനും കഴിയുമായിരുന്നു. സംരക്ഷിക്കുവാൻ കോടതികൾ ഇല്ലാതിരിക്കെ സാധാരണ ജനം, പ്രത്യേകിച്ചു ദരിദ്രർ, ചൂഷണത്തിനു ഇരയായി.

അത്തരം സാഹചര്യങ്ങൾക്കു ഒരു പ്രതികരണമാണു സങ്കീർത്തനം 82. അന്തിമ ന്യായാധിപനായുള്ള ദൈവത്തിന്റെ അധികാരത്തെ അതു വിവരിക്കുന്നു. ജനത്തിന്റെ നായകന്മാരെയും ന്യായാധിപന്മാരെയും ന്യായം വിധിക്കുന്ന ഒരു രംഗത്തെ അതു ചിത്രീകരിക്കുന്നു. സമൂഹത്തിലെ അത്തരം

ഭാഗങ്ങൾ വഹിക്കുന്നവർ" ദൈവത്തിനു കീഴിൽ ന്യായാധിപന്മാരായി പ്രവർത്തിക്കുന്നതിനായി നിയോഗിക്കപ്പെട്ടിരിക്കുന്നു" – (Ellen G. white, Prophets and Kings P. 198) എന്നു ഈ സങ്കീർത്തനം ഊന്നിപ്പറയുന്നു. അവർ തങ്ങളുടെ സ്ഥാനങ്ങൾ വഹിക്കുകയും ദൈവത്തിന്റെ പ്രതിനിധികളും തന്റെ അധികാരത്തിൻ കീഴുള്ളവരുമായി തങ്ങളുടെ പ്രവൃത്തി നിർവ്വഹിക്കുകയും ചെയ്യുന്നു. സങ്കീർത്തനക്കാരന്റെ കാഴ്ചപ്പാടിൽ ദൈവത്തിന്റെ നീതി, ഭൗമിക ന്യായാധിപന്മാർ എങ്ങനെ പ്രവർത്തിക്കണം എന്നതിനു മാതൃകയാണ്. അത്തരം ന്യായത്തിനോ, അന്യായത്തിനോ എതിരേയുള്ള നടപടിയും ദൈവം വെളിപ്പെടുത്തുന്നു: അനീതി പ്രവർത്തിക്കുന്നവൻ ന്യായം വിധിക്കപ്പെടുകതന്നെ ചെയ്യും."

ദൈവം പ്രവർത്തിക്കുവാനുള്ള കൃത്യമായ ഒരു ആവലാതിയോടെയാണു സങ്കീർത്തനം 82 അവസാനിക്കുന്നത്. രാജ്യത്തു നിലനിന്നിരുന്ന വ്യാപകമായ അനീതിയെ തടയുന്നതിനു ദൈവം ഇടപെടണമെന്നു അതു ആവശ്യപ്പെടുകയും ചെയ്യുന്നു. മറ്റു പല സങ്കീർത്തനങ്ങളെയുംപോലെ ഇതും, ശബ്ദമില്ലാത്തവർക്കും പീഡിതർക്കും, അവർ ജീവിക്കുകയും, പ്രവർത്തിക്കുകയും ചെയ്യുന്ന അന്യായ സമ്പ്രദായങ്ങളാൽ നിശ്ശബ്ദരാക്കപ്പെട്ടവർക്കു ഈ സങ്കീർത്തനം ശബ്ദം നൽകുന്നു.

അഖിലാണ്ഡത്തിന്റെയും എല്ലാ രാജ്യങ്ങളുടെയും പരമോന്നത ന്യായാധിപനും പരമാധികാരിയും എന്ന നിലയിൽ ദൈവത്തോടു സങ്കീർത്തനം 82 ഒരു ആത്മാർത്ഥമായ അഭ്യർത്ഥന കഴിക്കുന്നു. അത്തരം ഒരു അപേക്ഷ കഴിക്കുന്നതിനു തക്കതായ ഒരു ഉയർന്ന കോടതിയോ അധികാരിയോ വേറെയില്ല. ഭൗമിക കോടതികൾ ദരിദ്രരുടെയും പീഡിതരുടെയും നിലവിളിയെ കേൾക്കാതിരിക്കുകയോ ഉയർത്തിക്കാട്ടാതിരിക്കുകയോ ചെയ്യുമ്പോൾ, അതാണു പലപ്പോഴും ഇവിടുത്തെ കാര്യം, സഹായത്തിനായി വിളിച്ചപേക്ഷിക്കാവുന്ന നിഷേധിക്കപ്പെടാത്ത അവസരം ഉണ്ടെന്നുള്ള ഉറപ്പുണ്ട്.

നമ്മുടെ ജീവിതങ്ങളിൽ വ്യത്യസ്ത കാലങ്ങളിൽ നാം അനീതിയുടെ ബലിയാടുകൾ ആയിട്ടുണ്ടാകാം എന്നാൽ മറ്റു സന്ദർഭങ്ങളിൽ നമ്മൾ തന്നെ അതു ചെയ്തവരോ അനീതിയുടെ പ്രയോജനം നേടിയവരോ ആയിട്ടുമുണ്ട്. നാം പീഡിതരോ പീഡിപ്പിക്കുന്നവരോ എന്നു തിരിച്ചറിയുവാൻ വേണ്ട ഉൾക്കാഴ്ചയും വിവേകവും 82–ാം സങ്കീർത്തനം പോലുള്ള വേദഭാഗങ്ങളിൽനിന്നു കണ്ടെത്താൻ കഴിയും. ദൈവത്തിനു ഈ അനീതിയുള്ള ന്യായാധിപന്മാരെക്കുറിച്ചു വിചാരമുണ്ടു; ദൈവം അവരെയും തന്റെ മക്കളായി വിവരിക്കുകയും കൂടുതൽ മെച്ചമായി ജീവിക്കുവാൻ അവരോടു ആവശ്യപ്പെടുകയും ചെയ്യുന്നു (സങ്കീ. 82:6). ഇപ്രകാരം, മാറ്റപ്പെടുവാൻ സ്വയം അനുവദിക്കുമെങ്കിൽ, പീഡ

നത്തിന്റെ തെറ്റായ വശത്തു ആയിരിക്കുന്നവർക്കും പ്രത്യാശയ്ക്കു കാരണമുണ്ട്.

**ചൊവ്വ** **ജൂലൈ 23**

## "ഒരു രാജാവിന്റെ വാഗ്ദാനങ്ങൾ"

സങ്കീർത്തനം 101 വായിക്കുക. നായകന്മാർക്കുവേണ്ടി എഴുതപ്പെട്ടതു ആണെങ്കിലും, നാം ജീവിതത്തിൽ ഏതു നിലയിൽ ആയിരുന്നാലും, നമുക്കു വേണ്ടി സുപ്രധാനമായ എന്തു ഉപദേശം സ്വീകരിക്കുവാൻ നമുക്കു കഴിയും?

സങ്കീർത്തനം 101 ജനനായകന്മാർക്കു വേണ്ടിയുള്ള ഒരു പാഠമാണ്. യിസ്രായേലിന്റെ രാജാവായി ദാവീദിന്റെ രാജ്യഭരണകാലത്തിന്റെ ആരംഭത്തിൽ എഴുതപ്പെട്ടതാണെന്നു കരുതപ്പെടുന്നു. താൻ രാജാവായിത്തീർന്നപ്പോൾ ചെയ്ത പ്രതിജ്ഞകളിൽനിന്നു സ്വീകരിക്കപ്പെട്ടതായിരിക്കും അവ. ശൗലിനുവേണ്ടി ഒരു യോദ്ധാവും പിന്നെ അവനിൽനിന്നു ഒളിച്ചോടിയവനും എന്ന നിലയിലെ തന്റെ അനുഭവങ്ങളിൽ, വഴിതെറ്റിയ ഒരു രാജാവിനു രാജ്യത്തെയും തന്റെ കുടുംബത്തെയും എപ്രകാരം തകർക്കുവാൻ കഴിയുമെന്നു ദാവീദ് തിരിച്ചറിഞ്ഞിരുന്നു. താൻ വ്യത്യസ്തനായ ഒരു രാജാവു ആയിരിക്കുമെന്നു ദാവീദ് നിശ്ചയിച്ചിരുന്നു.

നമ്മളിൽ ചിലരെങ്കിലും രാഷ്ട്രീയ, അല്ലെങ്കിൽ ദേശീയ നേതാക്കൾ ആയിരിക്കാം. മറ്റുള്ളവരെ സ്വാധീനിക്കാനും പ്രോത്സാഹിപ്പിക്കാനുമുള്ള അവസരങ്ങളോടുകൂടിയ ഭാഗധേയങ്ങൾ നമുക്കു ജീവിതങ്ങളിൽ ഉണ്ട്. അവ നമ്മുടെ ജോലി ജീവിതത്തിലോ, സമൂഹ ഇടപെടലുകളിലോ, കുടുംബത്തിലോ, സഭയിലോ ആകാം. ഒരു നേതൃസംവിധാനം സംബന്ധിച്ചു എലെൻ ജി. വൈറ്റ് എഴുതി: "101-ാം സങ്കീർത്തനത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന ദാവീദിന്റെ പ്രതിജ്ഞകൾ തന്നെ ആയിരിക്കണം കുടുംബത്തിന്റെ സ്വാധീനങ്ങളെ സംരക്ഷിക്കുവാൻ ചുമതലപ്പെട്ട സകലരുടെയും പ്രതിജ്ഞകൾ" - Counsels to Parents, Teachers, and Students, P. 119.

നമുക്കു അവസരം ഉണ്ടാകുംപോലെ, നമ്മുടെ മേൽ നേതൃത്വവും സ്ഥാനങ്ങളും വഹിക്കുന്നവർക്കു ഈ തത്വങ്ങളെ നിർദ്ദേശിക്കുവാനും ഉയർത്തിപ്പിടിക്കുവാനും നാം ഒരുക്കമുള്ളവർ ആകണം. നാം മറ്റുള്ളവർക്കു ഒരു അനുഗ്രഹം ആയിരിക്കേണ്ടതിനു നമ്മെ തന്നെ സഹായിക്കുന്നതിനു ദാവീദിന്റെ ഈ വിധമായ നേതൃത്വ തത്വങ്ങളെ നമ്മുടെ നേതൃപദവികളിലും സ്വാധീനങ്ങളിലും ഉപയോഗിക്കുവാൻ നമുക്കും അവസരങ്ങളുണ്ട്.

ദൈവത്തെ തന്റെ കരുണയിലും നീതിയിലും ബഹുമാനിക്കുന്നതായിരുന്നു ദാവീദിന്റെ തുടക്കസ്ഥാനം (സങ്കീ. 101:1). ദാവീദ് ഉയർത്തിപ്പിടിക്കു

വാൻ ഉദ്ദേശിച്ച സകലതും അടിസ്ഥാനം അതായിമാറി. തന്റെ ജീവിതത്തിലും പ്രവർത്തനത്തിലും ഈ പ്രത്യേകതകളെ പഠിക്കുവാനും അനുവർത്തിക്കുവാനും അദ്ദേഹം ശ്രമിച്ചു. ഇതു സാധിക്കുന്നതിനു ദാവീദ്, തെറ്റുചെയ്യുവാനും അഴിമതിക്കും അവിശ്വസ്തതയ്ക്കുമുള്ള പരിശോധനകളെ ചെറുക്കേണ്ടിയിരുന്നു. അധികാരത്തിന്റെയും നേതൃത്വത്തിന്റെയും സ്ഥാനങ്ങളിൽ ആയിരിക്കുന്നവർക്കു ഇവയെല്ലാം നിശ്ചയമായ കെണികളാണ്. കാര്യങ്ങൾ ശരിയായി ചെയ്യുന്നതിനു നല്ല ഉപദേശകരുടെ സഹായം എത്ര പ്രധാനം ആണെന്നു അറിഞ്ഞ ദാവീദ്, വിശ്വാസയോഗ്യരായ ആലോചകരെ അന്വേഷിക്കുന്നതിനും വിശ്വസ്തരായ ഉദ്യോഗസ്ഥരെ നിയമിക്കുന്നതിനും പ്രതിജ്ഞചെയ്യുന്നു. നീതിയും കരുണയും തന്റെ നേതൃത്വത്തിന്റെയും, തന്നോടു കൂടെയും തനിക്കുവേണ്ടിയും പ്രവർത്തിച്ചവരുടെയും അടയാളം ആയിരിക്കണമെന്നു ദാവീദു നിശ്ചയിച്ചു.

**ഉപദേശകരും ഉദ്യോഗസ്ഥരും നമുക്കില്ലെങ്കിലും നീതിയോടും കരുണയോടും ജീവിക്കുവാനും നയിക്കുവാനും നമുക്കു എങ്ങനെ സാധ്യമാക്കാം?**

**ബുധൻ** **ജൂലൈ 24**

## കർത്താവിനോടു കൂടെയുള്ള നടപ്പ്

സങ്കീർത്തനപുസ്തകത്തിന്റെ അവസാനത്തോടു സമീപിക്കുമ്പോൾ സ്തുതിയുടെ അതിശയോക്തികൾ ആരോഹണ സ്വരത്തിനു മേൽ ആരോഹണമായി വളരുന്നതു നാം കാണുന്നു. ഒടുവിലത്തെ അഞ്ചു സങ്കീർത്തനങ്ങൾ "യഹോവയെ സ്തുതിപ്പിൻ!" എന്ന ലളിതവും നേരിട്ടുള്ളതുമായ ആജ്ഞയോടുകൂടി ആരംഭിക്കുന്നു. അവയിൽ ആദ്യത്തെ 146-ാം സങ്കീർത്തനം ദൈവത്തിനു ദരിദ്രരോടും പീഡിതരോടുമുള്ള പ്രത്യേക ശ്രദ്ധയെ ദൈവസ്തുതിക്കു പ്രഥമകാരണമായി എടുത്തു കാണിക്കുന്നു.

**സങ്കീർത്തനം 146 വായിക്കുക. ഇതിൽ നമുക്കായുള്ള ദൂതു എന്താണ്? 5-9 വാക്യങ്ങളിൽ ദൈവം പ്രത്യേകിച്ചു എന്താണു പറയുന്നത്?**

ദൈവം ലോകത്തിന്റെ സ്രഷ്ടാവാണ് എന്നതു നിശ്ചയമുള്ള കാര്യമാണ് (സങ്കീ. 146:6 കാണുക). അപ്രകാരം, ന്യായാധിപനും, നൽകുന്നവനും, വിമോചകനും, സൗഖ്യമാക്കുന്നവനും, പ്രതിരോധകനുമായി ദൈവത്തിന്റെ തുടർപ്രവൃത്തികളും നിശ്ചയമുള്ളതാണ്. ഇത്തരം കാര്യങ്ങളിൽ പ്രത്യേക സഹായം

വേണ്ടി വരുമ്പോഴൊക്കെ ഇവ മനുഷ്യരിൽ കേന്ദ്രീകരിക്കപ്പെടുന്നു. നമ്മുടെ ജീവിതങ്ങളിലും സമൂഹങ്ങളിലും, നമ്മുടെ ലോകത്തിലും ദൈവം ചെയ്യുന്നതും ചെയ്യുവാൻ ആഗ്രഹിക്കുന്നതുമായ കാര്യങ്ങളുടെ ആവേശകരമായ ദർശനം ആണിത്.

ദൈവം പറഞ്ഞതുകൊണ്ടു നാം ചെയ്യണം എന്ന വിധം ആവശ്യക്കാർക്കു ചെയ്യണമെന്നു ചിലപ്പോഴൊക്കെ നാം ചിന്തിക്കുന്നു. പക്ഷേ ഇപ്പോൾ ദൈവം ഇതു ചെയ്തിരിക്കുന്നു എന്നു സങ്കീ. 146 പറയുന്നു; അതുകൊണ്ടു ദൈവത്തോടു ചേർന്നു പ്രവർത്തിക്കുവാൻ നാം ക്ഷണിക്കപ്പെട്ടിരിക്കുന്നു. ദാരിദ്ര്യം, പീഡനം, രോഗം എന്നിവയ്ക്കെതിരെ നാം പ്രവർത്തിക്കുമ്പോൾ നാം വാസ്തവമായി ദൈവത്തോടുകൂടെയും ദൈവോദ്ദേശ്യത്തിനായും പ്രവർത്തിക്കുകയാണ്. ദൈവത്തോടൊപ്പം പങ്കാളിയായി 146-ാം സങ്കീർത്തനത്തിലെ ആവേശജനകമായ ചിലകാര്യങ്ങൾ നിർവ്വഹിക്കുന്നതിനെക്കാൾ വലിയ അനുഗ്രഹം എന്താണുള്ളത്?

നമുക്കു പക്ഷേ പ്രയോജനങ്ങളുമുണ്ട്. ക്രിസ്ത്യാനികൾ പലപ്പോഴും ദൈവത്തിനായി തിരയുന്നതിനെക്കുറിച്ചും ദൈവവുമായി നല്ല ബന്ധം ഉണ്ടാക്കുവാനുള്ള ആഗ്രഹത്തെക്കുറിച്ചും സംസാരിക്കാറുണ്ട്. എന്നിരുന്നാലും, സങ്കീ. 146:7-9 വരെയും, ബൈബിളിൽ ആകമാനം മറ്റേറെ വാക്യങ്ങളും, ദൈവത്തോടു ചേർന്നു, ദൈവം ചെയ്യുന്നതു ചെയ്യുകയാണു ദൈവത്തെ കണ്ടെത്താനുള്ള ഒരു വഴി എന്നു സൂചിപ്പിക്കുന്നു. ദൈവം ചെയ്യുന്നു എന്നു സങ്കീ. 146 ൽ പറയുന്നപ്രകാരം ദരിദ്രരുടെയും രോഗികളുടെയും പീഡിതരുടെയും ഉന്നമനത്തിനായി നാമും പ്രവർത്തിച്ചുകൊണ്ടിരിക്കണം. "ക്രിസ്തു ദരിദ്രരുടെയും കഷ്ടപ്പെടുന്നവരുടെയും കൂടെ നടക്കുവാനും പ്രവർത്തിക്കുവാനുമായി വന്നു. തന്റെ ശ്രദ്ധയുടെ ഏറിയ പങ്കു അവർക്കു ലഭിച്ചു. ഇന്നും, തന്റെ മക്കളുടെ വ്യക്തിത്വത്തിൽ, ശാപം നീക്കിക്കൊണ്ടും കഷ്ടം അകറ്റിക്കൊണ്ടും യേശു അവരെ സന്ദർശിക്കുന്നു. "കഷ്ടവും ഇല്ലായ്മയും എടുത്തു നീക്കുക, അതല്ലാതെ ദൈവത്തിന്റെ കരുണയും സ്നേഹവും അറിയുവാൻ, ആർദ്രവാനും സഹതപിക്കുന്നവനുമായ സ്വർഗ്ഗീയ പിതാവിനെ അറിയുവാൻ മാർഗ്ഗമില്ല. ഏറ്റവും അത്യാവശ്യം ആയിടത്തും പുറംതള്ളപ്പെട്ട ഇടങ്ങളിലും കൊണ്ടുവരപ്പെടുമ്പോഴത്തെക്കാൾ കവിഞ്ഞു സുവിശേഷത്തിന്റെ മനോഹാരിത കാണുവാൻ കഴിയില്ല"- Ellen G. white, Testimonies for the Whurch, Vol.7, P. 226.

**മറ്റുള്ളവരെ സേവിച്ചുകൊണ്ടു ദൈവത്തോടു അടുക്കുന്നതിൽ നിങ്ങളുടെ അനുഭവം എന്താണ്?**

# സദൃശവാക്യങ്ങൾ: സാധുക്കളുടെ മേൽ കരുണ

ജ്ഞാനവചനങ്ങളുടെ ഒരു സമാഹാരമാണു സദൃശവാക്യ പുസ്തകം. അതു വിവിധങ്ങളായ വിഷയങ്ങളെയും ജീവിതാനുഭവങ്ങളെയും സ്പർശിക്കുന്നു. ദാരിദ്ര്യം, ധനം, നീതി, അനീതി, സന്തുഷ്ടി എന്നിവ ആ വിഷയങ്ങളിൽ ചിലതാണ്. ചിലപ്പോൾ വ്യത്യസ്ത കോണുകളിൽ നിന്നുള്ളവ കാണും. ജീവിതം എപ്പോഴും ലളിതവും നേരെ ഉള്ളതും ആയിരിക്കില്ല. സദൃശവാക്യങ്ങൾ ആകട്ടെ, ദൈവത്തിൽ വിശ്വസ്തർ ആയിരിക്കുന്നവരുടെ ഇടയിൽപോലും കാണപ്പെടുന്ന ജീവിതത്തെ സ്വാധീനിക്കുന്ന വ്യത്യസ്ത സാഹചര്യങ്ങളെയും തിരഞ്ഞെടുപ്പുകളെയും സംബന്ധിച്ചു നമ്മെ ജാഗരൂകരാക്കുന്നു.

**സദൃശവാക്യങ്ങൾ 10:4; 13:23–25; 14:31; 15:15–16; 19:15–17; 30:7–9 വായിച്ചു താരതമ്യം ചെയ്യുക. ധനം, ദാരിദ്ര്യം, സാധുക്കളെ സഹായിക്കുന്നതു എന്നീ കാര്യങ്ങളിൽ പ്രസക്തമായ എന്തു കര്യങ്ങളാണു ഈ വാക്യങ്ങൾ പറയുന്നത്?**

ദൈവത്തിനു സാധുക്കളോടും നിരാലംബരോടുമുള്ള കരുതലിനെയും ശ്രദ്ധയെയും സദൃശവാക്യങ്ങൾ ഊന്നിപ്പറയുന്നു. സാഹചര്യങ്ങൾ, മോശം തിരഞ്ഞെടുപ്പുകൾ, അല്ലെങ്കിൽ ചൂഷണം എന്നിവ നിമിത്തം ആയിരിക്കാം ജനങ്ങൾ ദരിദ്രർ ആകുന്നത്. എന്നാൽ അത്തരം അവസ്ഥകളുടെ കാരണങ്ങൾ എന്തായാലും ദൈവം ഇനിയും അവരുടെ സ്രഷ്ടാവായും (സദൃശ. 22:2), പ്രതിരോധകനായും (സദൃശ. 22:22,23) വിവരിക്കപ്പെടുന്നു. അവരുടെ പിശകുകൾ എന്തായിരുന്നാലും അവർ പീഡിപ്പിക്കപ്പെടുകയോ ചൂഷണം ചെയ്യപ്പെടുകയോ വേണ്ടതില്ല. സദൃശവാക്യങ്ങൾ, ജ്ഞാനം തിരഞ്ഞെടുക്കുന്നതിലൂടെയും ദൈവത്തെ അനുസരിക്കുന്നതിലൂടെയും ഒരു മെച്ചപ്പെട്ട ജീവിതം വാഗ്ദാനം ചെയ്യുന്നുണ്ടെങ്കിലും ധനം എല്ലായ്പോഴും ദൈവാനുഗ്രഹത്തിന്റെ ഫലമല്ല. ദൈവത്തോടുള്ള വിശ്വസ്തത എല്ലായ്പോഴും അധികം പ്രധാനവും, ആത്യന്തിക ഭൗതിക നേട്ടങ്ങളെക്കാൾ പ്രതിഫലം ഉള്ളതുമാണ്: ന്യായരഹിതമായ വലിയ വരവിനെക്കാൾ നീതിയോടെയുള്ള അല്പം നല്ലതു (സദൃശ. 16:8).

വ്യാപാരത്തിലും, ഭരണത്തിലും, നീതി നടത്തിപ്പിലും വേണ്ട സത്യസന്ധതയും ന്യായമായ നടപടിയും സദൃശവാക്യങ്ങളുടെ മറ്റൊരു ദർശനമാണ് (സദൃശ. 14:5, 25; 16:11–13; 17:15; 20:23; 21:28; 28:14–16 എന്നിവ വായിക്കുക).

വ്യക്തിജീവിതങ്ങളുടെ കാര്യത്തിൽ മാത്രമല്ല, സമൂഹം മൊത്തത്തിൽ പൊതുപ്രയോജനത്തിനായും വേണ്ടവർക്കു സംരക്ഷണത്തിനായും പ്രവർത്തിക്കുന്നതിലേക്കുള്ള ഉൾക്കാഴ്ചയും സദൃശവാക്യങ്ങൾ നൽകുന്നു. ഭരിക്കുന്നവരും നയിക്കുന്നവരും ദൈവസഹായത്തോടുകൂടി അവ ചെയ്യണമെന്നും (സദൃശ. 8:15-16), ദരിദ്രരോടു ദൈവത്തിന്റെ ഏജന്റുകളായി ദൈവകൃപയോടും അനുകമ്പയോടും പ്രവർത്തിക്കണമെന്നും അതു നമ്മെ വീണ്ടും ഓർമ്മിപ്പിക്കുന്നു.

**ദുഃസ്ഥിതിയിൽ ആയിരിക്കുന്നവരോടു ദുഃഖം തോന്നാൻ പ്രയാസമില്ല. പക്ഷേ ആ ദുഃഖചിന്തയെ എങ്ങനെ പ്രവൃത്തി ആക്കി മാറ്റാൻ നമുക്കു കഴിയും?**

**വെള്ളി** **ജൂലൈ 26**

**കൂടുതൽ പഠനം**: എലെൻ ജി. വൈറ്റിന്റെ Patriarchs and Prophets, PP. 746-755 സി. എസ്സ്. ലൂവിസിന്റെ Reflections on the Psalms, PP. 15:22 വായിക്കുക.

ദാവീദിന്റെ സങ്കീർത്തനങ്ങൾ അനുഭവത്തിന്റെ മുഴുനിരകളിലൂടെയും കടന്നുപോകുന്നു. അറിഞ്ഞുകൊണ്ടുള്ള കുറ്റബോധത്തിന്റെയും സ്വയം കുറ്റം വിധിക്കുന്നതിന്റെയും ആഴങ്ങൾ തുടങ്ങി അത്യുന്നത വിശ്വാസവും പുകഴ്ചയേറിയ ദൈവസമ്പർക്കവുംവരെ അതിൽ അടങ്ങിയിരിക്കുന്നു. ലജ്ജയും ശാപവും മാത്രമേ പാപത്തിനു കൊണ്ടുവരുവാൻ കഴിയൂ എന്നു അവന്റെ ജീവിതരേഖകൾ പ്രഖ്യാപിക്കുന്നു. എന്നാൽ ദൈവത്തിന്റെ സ്നേഹവും കരുണയും അത്യാഗാധതയിലും എത്തും എന്നും വിശ്വാസം അനുതപിക്കുന്ന ആത്മാവിനെ ദൈവപുത്രന്മാരായുള്ള ദത്തവകാശം പങ്കിടുന്നത്ര ഉയർത്തുമെന്നും ദാവീദിന്റെ ജീവിതരേഖ കാട്ടിത്തരുന്നു. ദൈവത്തിന്റെ വചനത്തിൽ അടങ്ങിയിരിക്കുന്ന സകല ഉറപ്പുകളിലും വെച്ചു, ഇതു ദൈവത്തിന്റെ വിശ്വസ്തതയുടെയും, നീതിയുടെയും, ഉടമ്പടിപ്രകാരമുള്ള കരുണയുടെയും അത്യന്തം ശക്തിയേറിയ സാക്ഷ്യങ്ങളിൽ ഒന്നാകുന്നു" - Ellen G. white, Patriarchs and Prophets, P. 754.

സദൃശവാക്യപുസ്തകത്തിലെ ജ്ഞാനത്തെ സൂചിപ്പിച്ചുകൊണ്ടു: ഭൗതികവും മതപരവുമായവ അടക്കം സമൂഹത്തിന്റെ മുഴുവൻ ക്ഷേമവും ബന്ധിതമായിരിക്കുന്ന തത്വങ്ങൾ ആണിവ. ജീവനും ധനത്തിനുമെല്ലാം സുരക്ഷ നൽകുന്നതു ഈ തത്വങ്ങളാണ്. ആത്മവിശ്വാസവും സഹകരണവും സാധ്യമാക്കുന്ന സകലത്തിനും, ലോകം ദൈവത്തിന്റെ നിയമങ്ങ

ളോടു കടപ്പെട്ടിരിക്കുന്നു. ദൈവത്തിന്റെ വചനത്തിലും, മനുഷ്യഹൃദയങ്ങ ളിൽ മങ്ങിയ വരികളിലും മിക്കവാറും തുടച്ചുമാറ്റപ്പെട്ട വിധത്തിലും അവ വെളിവാക്കപ്പെട്ടിരിക്കുന്നു. - Ellen G. White, Education, P. 137.

**ചർച്ചയ്ക്കായുള്ള ചോദ്യങ്ങൾ:**

1. ഒരു നായകനായോ സ്വാധീനമുള്ള ഒരു സ്ഥാനത്തോ നിങ്ങൾ നിങ്ങളെ ഏതെല്ലാം വിധങ്ങളിൽ കണക്കാക്കുന്നു? ജീവിതത്തിന്റെ ആ ഭാഗത്തു നീതിയുടെ ഒരു ഏജന്റാകുവാൻ എങ്ങനെ കഴിയും?
2. നിങ്ങൾ ജീവിക്കുന്ന സ്ഥലത്തിന്റെ സംസ്കാരത്തെയും സാമൂഹ്യ ഘടനയെയും കുറിച്ചു ചിന്തിക്കുക. സാധുക്കളുടെ ജീവിതനിലവാരം ഉയർത്തുവാൻ നിങ്ങൾക്കു എന്തു ചെയ്യാനാകും?
3. ശക്തമായ ഒരു സമൂഹത്തെ കെട്ടിപ്പടുക്കുവാൻ നീതിയുടെയും ന്യായത്തിന്റെയും തത്വ ങ്ങൾ എന്തുകൊണ്ടു അത്രപ്രധാനം ആയിരിക്കുന്നു?
4. മെച്ചമായി ജീവിക്കുന്നതിനുള്ള ജ്ഞാനം തരുന്ന സദൃശവാക്യപുസ്തകം ദൈവം എങ്ങനെ ആണെന്നു പറയുന്നു?

**സംഗ്രഹം:** ജീവിതത്തിന്റെ സാധാരണ അനുഭവങ്ങളിലും പരിശോധനക ളിലും മദ്ധ്യേ വിശ്വസ്തമായി ജീവിക്കുന്നതിനുള്ള വെല്ലുവിളിക്കായി പ്രത്യേകം ഒരുക്കപ്പെട്ടവയാണു സങ്കീർത്തനങ്ങളും സദൃശവാക്യങ്ങളും. സമൂഹത്തിനും, ദരിദ്രർക്കും, പീഡിതർക്കുമായുള്ള ദൈവത്തിന്റെ വിശേ ഷാൽ കരുതലും അടങ്ങുന്ന ദൈവത്തിന്റെ കാഴ്ചപ്പാടിലേക്കു ഉൾക്കാഴ്ച നൽകുന്നതാണു ഇവ രണ്ടും. സങ്കീർത്തനങ്ങളുടെ കരച്ചിലും സദൃശവാക്യ ങ്ങളുടെ ജ്ഞാനവും, ദൈവം കാണുകയും മിക്കപ്പോഴും മറക്കപ്പെട്ടവരെയും ചൂഷണം ചെയ്യപ്പെട്ടവരെയും രക്ഷിക്കുവാൻ ദൈവം ഇടപെടും എന്നതാണ്. ദൈവം അതാണെങ്കിൽ, നമ്മളും അങ്ങനെ തന്നെ ആകണം.

***